നം. വിജി.8/3569/2011.

ചീഫ് എൻജിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം)
തിരുവനന്തപുരം
തീയതി: 07.11.2015
Phone : 0471- 2334880
E.mail:pwdvigilance@gmail.com

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : പൊതുമരാമത്ത് വകുപ്പ് – വിജിലൻസ് – ശ്രീ.ബിജു ഏലിയാസ്, മൂന്നാം ഗ്രേഡ് ഓവർസീയർ, ബിൽഡിംഗ്സ് സെക്ഷൻ , ഇരിട്ടി – അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന് കാരണം കാണിക്കൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത് – സംബന്ധിച്ച് :

സൂചന : 1. ചീഫ് എൻജിനീയർ ഭരണവിഭാഗത്തിന്റെ ഫയൽ നം. ഇ.ബി5/4062/2008.
2. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള ചാർജ്ജ് മെമ്മോയും ആരോപണങ്ങളെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റും തീയതി: 27/07/2011.
3. എക്സിക്യൂട്ടീവ് എൻജിനീയർ, ബിൽഡിംഗ്സ് ഡിവിഷൻ തലശ്ശേരിയുടെ കത്ത് നം. ഇ.1/148/2008 തീയതി: 15/11/2011.
4. ഈ ഓഫീസിൽ നിന്നുള്ള കാരണം കാണിക്കൽ നോട്ടീസ് നം. വിജി.8/3569/2011 തീയതി: 20/01/2012.

ശ്രീ.ബിജു ഏലിയാസ്, മൂന്നാം ഗ്രേഡ് ഓവർസീയർ ആയ താങ്കൾ ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ്, ഇരിട്ടിയിൽ നിന്നും 06/10/08 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്.

ശ്രീ.ബിജു ഏലിയാസിനെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം – ന്റെ അഡൈ്വസ് നമ്പർ ആർ.ഐ.എ.(3) 2001 ജി.ഡബ്ല്യു തീയതി: 29/04/2004 പ്രകാരം ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗത്തിന്റെ ഉത്തരവ് നം. ഇ.ബി5/9200/2004 തീയതി: 26/07/2004 മുഖാന്തിരം ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് , ഇരിട്ടി , കണ്ണൂർ ജില്ലയിൽ മൂന്നാം ഗ്രേഡ് ഓവർസീയറായി നിയമിച്ചിട്ടുള്ളതാണ്. ശ്രീ.ബിജു ഏലിയാസ് അഞ്ചുവർഷത്തെ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും, തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യാസം ചെയ്യപ്പെടേണ്ട ജൂനിയർ ഓവർസീയർമാരുടെ അംഗീകരിക്കപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം അയക്കണമെന്ന നിർദേശത്താൽ സർക്കാർ മടക്കുകയുണ്ടായി. എന്നാൽ ശൂന്യവേതനാവധി അപേക്ഷ അംഗീകരിക്കുന്നതിന് മുൻപെ 06/10/2008 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അനുവാദം കൂടാതെ തന്നെ രാജ്യം വിടുകയും ചെയ്തു.

മേൽപറഞ്ഞ കാരണങ്ങളാൽ സൂചന 2 പ്രകാരം ടിയാന് കുറ്റാരോപണ പത്രികയും ആരോപണങ്ങളെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റും എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം , തലശ്ശേരി, കണ്ണൂർ ജില്ല മുഖാന്തിരം അയക്കുകയും ചെയ്തു. എന്നാൽ തപാൽ വകുപ്പ് അധികൃതർ ടിയാൻ വിദേശത്താണ് എന്ന അഭിപ്രായത്തോട് ആയത് മടക്കി അയച്ചു എന്ന് സൂചന 3 മുഖാന്തിരം

എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുള്ളതാണ്.

ആയതിനാൽ 1960 – ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ് അനുസരിച്ച് താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ മതിയായ കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ബോധിപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു. മേൽപ്പറഞ്ഞ സമയപരിധിക്കകം മതിയായ കാരണം ബോധിപ്പിക്കാതെയിരുന്നാൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്നും അറിയിച്ചുകൊള്ളുന്നു.

ചീഫ് എൻജിനീയർ
പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം)

ശ്രീ.ബിജു ഏലിയാസ്, മൂന്നാം ഗ്രേഡ് ഓവർസീയർ,ബിൽഡിംഗ്സ് സെക്ഷൻ,ഇരിട്ടി